പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) മൂന്നാം പദ്ധതിക്കാലത്തു് ആകെ അഞ്ചു് ആയുർവ്വേദ ആശുപത്രികളാണു് തുറക്കുവാൻ ഉദ്ദേശിച്ചിരുന്നതു്.

(ബി) 1962–63–ൽ ഒരു ആയുർവ്വേദ ആശുപത്രി തുറന്നു.

(സി) 1963–64–ൽ ആയുർവ്വേദ ആശുപത്രികളും ഒന്നുംതന്നെ തുറക്കുവാനുദ്ദേശിക്കുന്നില്ല. ഈ വർഷത്തിൽ പുതിയ സ്ഥാപനങ്ങളും തുടങ്ങുവാൻ ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടില്ല.

സോയിൽ കൺസർവേഷൻ സ്കീം

* 137. [33] ശ്രീ. കെ. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത സാമ്പത്തികവർഷത്തിൽ സോയിൽ കൺസർവേഷൻ സ്കീമിനു് ഏതെല്ലാം സ്ഥലങ്ങളാണു് തെരഞ്ഞെടുത്തിട്ടുണ്ടു് ?

(ബി) കുറുകച്ചാൽ വില്ലേജിൽനിന്നും അയച്ചിട്ടുള്ള സ്കീമിനെപ്പറ്റി ഗവണ്മെൻറിൽനിന്നും അനുഭാവമായി പരിഗണിക്കാൻ ദയവുണ്ടാകുമോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) അടുത്തവർഷത്തേക്കുള്ള സ്ഥലങ്ങളാരും തിരഞ്ഞെടുത്തു കഴിഞ്ഞിട്ടില്ല.

(ബി) ഈ സ്കീം നടപ്പിലാക്കുന്നതിനു് വേണ്ട നടപടികളും നടന്നുകൊണ്ടിരിക്കുകയാണു്.

വെങ്കലക്കയം പദ്ധതി.

* 138. [34] ശ്രീ. പി. ബാലചന്ദ്രമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറ്റൂർ പുഴയിൽപ്പെട്ട വെങ്കലക്കയം പദ്ധതി എത്രമാത്രം പുരോഗമിച്ചിട്ടുണ്ടു് ;

(ബി) ഈ പദ്ധതിക്കുവേണ്ടി അക്വയർ ചെയ്ത സ്ഥലം വീണ്ടും കൃഷി ചെയ്യുവാൻ അനുവദിച്ചിട്ടുണ്ടോ ;

(സി) മദിരാശി സംസ്ഥാനത്തിലെ ആവശ്യം കഴിഞ്ഞു കേരളത്തിനു കിട്ടുന്ന പറമ്പിക്കുളം വെള്ളം ചിറ്റൂർ പ്രദേശത്തു ഉപകാരപ്രദമായി ഉപയോഗിക്കത്തക്കവണ്ണം വെങ്കലക്കയം പദ്ധതിയുടെ പണി പൂർത്തിയാക്കുവാൻ സത്വര നടപടികളും സ്വീകരിക്കുമോ ;

(ഡി) വെള്ളം ഉപയോഗിക്കുന്നതിനു എന്തെല്ലാം നടപടികളും സ്വീകരിച്ചിട്ടുണ്ടു് ;

(ഈ) വെങ്കലക്കയെത്തിനു പുറമേ ഈ വെള്ളം സൂക്ഷിക്കുന്നതിനു പൻകിട ഏർപ്പാടുകളും നിർമ്മിക്കുവാൻ നടപടികളും സ്വീകരിച്ചിട്ടുണ്ടോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) പദ്ധതിക്കാവശ്യമുള്ള സ്ഥലം അക്വയർ ചെയ്യുകയും, അപ്രോച്ചു് റോഡിൻെറയും ഓവുപാലങ്ങളുടേയും പണികൾ തീർക്കുകയും ചെയ്തിട്ടുണ്ടു്.

(ബി) ഇല്ല. എന്നാൽ പ്രസ്തുത സ്ഥലം കയ്യേറി കൃഷിചെയ്തിട്ടുള്ളവർക്കു് മകരത്തിലെ കൊയ്ത്തു കഴിയുന്നതുവരെ സമയം അനുവദിച്ചിട്ടുണ്ടു്.

(സി) ഇതിനു സത്വര നടപടികളും എടുക്കുൻണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വെള്ളം പരമാവധി ഉപയോഗപ്രദമാക്കുന്നതിനു വേണ്ട പ്രവ ർത്തനങ്ങളും കൈകാര്യം ചെയ്യുന്നതിനായി ചിറ്റൂർപുഴ ഡിവിഷൻ എന്ന പേരിൽ ഒരു ഡിവിഷൻ പ്രവർത്തിക്കുന്നുണ്ട്.

(ഈ) ഇല്ല.

സീ ഐലൻറ് കോട്ടൺ ഉല്പാദന പദ്ധതി.

* 139. [35] ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സീ ഐലൻറ് കോട്ടൺ ഉൽപ്പാദനപദ്ധതിപ്രകാരം സ്റ്റോറിനു 1961-62 ലും, 1962-63 ലും, 1963-64 ഡിസംബർ അവസാനംവരെയും എത്ര ചിലവായി ;

(ബി) ലോണായി എത്ര സംഖ്യ കൊടുത്തു -

(സി) ഹോസ്ദുർഗ്ഗ് തലൂക്കിൽ ആകെ എത്ര സംഖ്യ ലോണായി കൊടുത്തു ;

(ഡി) ആക്കൊക്കെ; ലിസ്റ്റ് മേശപ്പുറത്തു വയ്ക്കാൻ ദയവുണ്ടാകുമോ ;

(ഈ) ഇതിൽ വല്ലവരുടേയും സംഖ്യ ഒന്നായി തിരിച്ചടയ്ക്കാൻ കല്പിച്ചിട്ടുണ്ടോ ;

(എഫ്) ആരുടേതു് ;

(ജി) കാരണമെന്താണു് ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) 1961–62 ലും, 1962–63 ലും ഈ പദ്ധതി ഇൻഡ്യൻ സെൻട്രൽ കോട്ടൺ കമ്മിറ്റിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലായിരുന്നതുകൊണ്ട് സ്റ്റോറിനു് ഒന്നും ചിലവായില്ല. 1963–64 ഡിസംബർ അവസാനംവരെ 42,363 രൂപാ 83 നയാ പൈസ സ്റ്റോറിനു ചിലവായി.

(ബി) 1961–62 ഇല്ല.
1962–63 ഇല്ല.
1963–64 57,397·90 രൂപ.

(സി) കൊടുത്തിട്ടില്ല.

(ഡി, ഈ, എഫ്, ജി) ഉദിക്കുന്നില്ല.

ദേവസ്വം നിയമങ്ങൾ

* 140. [42] ശ്രീ. ടി. എ. തൊമ്മൻ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചിയിലേയും, മലബാറിലേയും ദേവസ്വം നിയമങ്ങൾ ഏകീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ദേവസ്വം കാര്യങ്ങളെപ്പറ്റി അന്വേഷിക്കുവാൻ നിയുക്തമായ കുട്ടികൃഷ്ണമേനോൻ കമ്മിറ്റി റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ഗവണ്മെൻറ് എത്ര നടപടി സ്വീകരിച്ചു ;

(സി) ആ റിപ്പോർട്ട് നിയമസഭയിൽ വയ്ക്കുകയും നിയമസഭയിൽ ചർച്ചയ്ക്കു വിഷയമാക്കുകയും ചെയ്യുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഉണ്ട്.

(ബി) റിപ്പോർട്ട് പരിശോധിച്ചുകൊണ്ടിരിക്കുന്നു. അതു് പ്രസിദ്ധ പ്പെടുത്തുകയും 15–2–1964–നു മുൻപു് ഗവണ്മെൻറിനു് ലഭിക്കുന്നതിനു വിധ

LIBRARY ARCHIVES Kerala Legislative Assembly